എ.വൈ.ആർ


സൂറ-17

# അൽ ഇസ്റാഅ്

وَإِمَّا تُعْرِضَنَّ عَنْهُمُ ابْتِغَاءَ رَحْمَةٍ مِّن رَّبِّكَ تَرْجُوهَا فَقُل
لَّهُمْ قَوْلًا مَّيْسُورًا ﴿٢٨﴾

28. ബന്ധുക്കളുടെയും അഗതികളുടെയും അഭയാർഥികളുടെയുമൊക്കെ ആവശ്യങ്ങൾ, നിന്റെ നാഥനിൽ നിന്ന് നീ തേടുന്ന അനുഗ്രഹം പ്രതീക്ഷിച്ചുകൊണ്ട് തൽക്കാലം അവഗണിക്കേണ്ടി വന്നാൽ അപ്പോൾ അവരോടു സൗമ്യമായി സംസാരിക്കേണം.

وَلَا تَجْعَلْ يَدَكَ مَغْلُولَةً إِلَىٰ عُنُقِكَ وَلَا تَبْسُطْهَا
كُلَّ الْبَسْطِ فَتَقْعُدَ مَلُومًا مَّحْسُورًا ﴿٢٩﴾

29. ആർക്കും ഒന്നും കൊടുക്കാതെ നിന്റെ കരം പിരടിയിൽ പൂട്ടിവെക്കരുത്. എല്ലാം വാരിക്കോരി കൊടുത്തുകൊണ്ട് മുഴുവനായി തുറന്നിടുകയും ചെയ്തു കൂടാ. അങ്ങനെയായാൽ നീ അധിക്ഷിപ്തനും വിഷണ്ണനുമായി ഇരുന്നു പോകും.

إِنَّ رَبَّكَ يَبْسُطُ الرِّزْقَ لِمَن يَشَاءُ وَيَقْدِرُ ۚ إِنَّهُ
كَانَ بِعِبَادِهِ خَبِيرًا بَصِيرًا ﴿٣٠﴾

30. നിന്റെ നാഥൻ ഇഛിക്കുന്നവർക്ക് വിഭവങ്ങൾ സമൃദ്ധമായി നൽകുന്നു. അവനിഛിക്കുന്നവർക്ക് പരിമിതപ്പെടുത്തുകയും ചെയ്യുന്നു. തന്റെ ദാസന്മാരുടെ അവസ്ഥകൾ ആഴത്തിലറിയുന്നവനും അവരെ സദാ നിരീക്ഷിച്ചു കൊണ്ടിരിക്കുന്നവനുമാണവൻ.

നീ അവരെ അവഗണിക്കുന്നുവെന്നാൽ (ബന്ധുക്കളുടെയും അഗതികളുടെയും =وَإِمَّا تُعْرِضَنَّ عَنْهُمُ
അഭയാർഥികളുടെയും ആവശ്യങ്ങൾ തൽക്കാലം അവഗണിക്കേണ്ടി വന്നാൽ)
അനുഗ്രഹം തേടുകയാൽ (നീ തേടുന്ന അനുഗ്രഹം) =ابْتِغَاءَ رَحْمَةٍ
അത് നീ പ്രതീക്ഷിക്കുന്നത്(ക്കുന്ന അനുഗ്രഹം) =تَرْجُوهَا നിന്റെ നാഥങ്കൽ നിന്ന് =مِّن رَّبِّكَ
സൗമ്യമാ(യി)യ വാക്ക് =قَوْلًا مَّيْسُورًا അപ്പോൾ നീ അവരോട് പറയുക(സംസാരിക്കേണം) =فَقُل لَّهُمْ
(ആർക്കും ഒന്നും കൊടുക്കാതെ) നിന്റെ കരം =وَلَا تَجْعَلْ يَدَكَ مَغْلُولَةً إِلَىٰ عُنُقِكَ
നിന്റെ പിടലിയിൽ പൂട്ടപ്പെട്ടത് ആക്കരുത് (പൂട്ടി വെക്കരുത്)
അതിനെ മുഴുവൻ വിടർത്തൽ വിടർത്തുകയുമരുത് =وَلَا تَبْسُطْهَا كُلَّ الْبَسْطِ
(എല്ലാം വാരിക്കോരി കൊടുത്ത് പൂർണമായി തുറന്നിടുകയും ചെയ്തുകൂടാ)
അധിക്ഷിപ്തനായിട്ട് =مَلُومًا അപ്പോൾ (അങ്ങനെയായാൽ) നീ ഇരുന്നു പോകും =فَتَقْعُدَ
നിശ്ചയം നിന്റെ നാഥൻ =إِنَّ رَبَّكَ വിഷണ്ണനായ(യിട്ടും) =مَّحْسُورًا
അവൻ ഇഛിക്കുന്നവർക്ക് =لِمَن يَشَاءُ വിഭവം പരത്തുന്നു(സമൃദ്ധമായി നൽകുന്നു) =يَبْسُطُ الرِّزْقَ
തീർച്ചയായും അവൻ ആയിരിക്കുന്നു =إِنَّهُ كَانَ അവൻ(ഇഛിക്കുന്നവർക്ക്) പരിമിതപ്പെടുത്തുകയും ചെയ്യുന്നു =وَيَقْدِرُ
ആഴത്തിൽ അറിവുള്ളവൻ =خَبِيرًا അവന്റെ ദാസന്മാരെ(രുടെ അവസ്ഥകൾ) =بِعِبَادِهِ
കാണുന്നവനും (അവരെ സദാ നിരീക്ഷിച്ചു കൊണ്ടിരിക്കുന്നവനും) =بَصِيرًا

**28.** സ്വയം തന്നെ സാമ്പത്തിക പ്രയാസങ്ങളിലകപ്പെട്ട്, അതിൽ നിന്നുള്ള മുക്തിക്ക് അല്ലാഹുവിന്റെ അനുഗ്രഹം കാത്തിരിക്കുകയും അതിനുവേണ്ടി പരിശ്രമിക്കുകയും ചെയ്തു കൊണ്ടിരിക്കുമ്പോൾ ബന്ധുക്കളുടെയും അഗതികളുടെയും അഭയാർഥികളുടെയും ആവശ്യങ്ങൾ തൽക്കാലം നിവർത്തിച്ചു കൊടുക്കാൻ സാധിക്കാതെ വന്നേക്കും. അത്തരം സന്ദർഭങ്ങളിൽ അവരുടെ ആവശ്യങ്ങൾ അവഗണിക്കുന്നത് ഒരു കുറ്റമല്ല. പക്ഷേ, അങ്ങനെ അവഗണിക്കുന്നതും മര്യാദയോടും അനുകമ്പയോടും കൂടിയായിരിക്കണമെന്നുണർത്തുകയാണീ സൂക്തം. സ്വയം വിഷമത്തിലകപ്പെട്ടിരിക്കുമ്പോൾ മറ്റുള്ളവർ സഹായമാവശ്യപ്പെട്ട് വരുന്നതിൽ ക്ഷോഭിക്കുകയോ, അവരോട് തട്ടിക്കയറുകയോ ചെയ്തുകൂടാ. സഹാനുഭൂതി പ്രകടിപ്പിച്ചു കൊണ്ടും ദൈവാനുഗ്രഹത്താൽ തനിക്ക് ക്ഷേമം കൈവന്നാൽ അവരുടെ ആവശ്യങ്ങൾ നിവർത്തിച്ചു കൊടുക്കുമെന്ന പ്രതീക്ഷ നൽകിക്കൊണ്ടുമാണവരെ തിരിച്ചയക്കേണ്ടത്. ٱبْتِغَآءَ رَحْمَةٍ... എന്ന വാക്യം تعرض യോടു ബന്ധിപ്പിച്ചു വായിക്കുമ്പോൾ അതിൽ സഹായാർഥികളെ അവഗണിക്കേണ്ടി വന്നാൽ അതു ചെയ്യുന്നത്, പിന്നീട് അല്ലാഹു തന്നെ അനുഗ്രഹിക്കുമെന്നും അപ്പോൾ താൻ അവരെ സഹായിക്കുമെന്നുമുള്ള വിചാരത്തോടെയായിരിക്കണം എന്ന ധ്വനിയുണ്ട്. ഈ വിചാരം അവരെ അറിയിച്ച് ആശ്വസിപ്പിക്കുകയാണ് قَوْلًا مَّيْسُورًا

**29.** ചങ്ങല, ആമം എന്നർഥമുള്ള غُلّ ൽ നിന്നുള്ള കർമവാചിയായ مَغْلُولَةً ചങ്ങലയിൽ പൂട്ടിയതും ആമം വെച്ചതുമാണ്. ലുബ്ധൻ എന്ന അർഥത്തിലുള്ള പ്രയോഗമാണ് يده مغلولة. യഹൂദർ അല്ലാഹു ലുബ്ധനാണ് എന്നുപറഞ്ഞുവെന്ന് ഖുർആൻ ഉദ്ധരിക്കുന്നത് قَالَتِ ٱلْيَهُودُ يَدُ ٱللَّهِ مَغْلُولَةٌ എന്നാണ് (5:64). അറുപിശുക്കൻ എന്നർഥത്തിൽ غُلَّتْ يَدُهُ إِلَى عُنُقِهِ എന്നു പറയും. പുരാതനകാലത്ത് ബന്ധനസ്ഥരെ കൈകൾ രണ്ടും പിടലിയിൽവെച്ച് കഴുത്തിനോട് ചേർത്ത് ചങ്ങലയിൽ പൂട്ടിയാണ് കൊണ്ടുപോയിരുന്നത്. ഇങ്ങനെ ചെയ്താൽ കൈകൊണ്ട് യാതൊരു പ്രയോജനവുമുണ്ടാവില്ലെന്നു മാത്രമല്ല ഓടുന്നതിന് അത് തടസ്സമാവുകയും ചെയ്യും. ഇതുപോലെ പ്രയോജനശൂന്യമാണ് ലുബ്ധന്റെ സമ്പത്ത് എന്ന ആശയത്തെ മുൻനിർത്തിയാണ് അറുപിശുക്കനെക്കുറിച്ച് غُلَّتْ يَدُهُ إِلَى عُنُقِهِ എന്ന പ്രയോഗമുണ്ടായത്. ഇതിന്റെ വിപരീതമാണ് كُلَّ ٱلْبَسْطِ. ദാനശീലത്തെ بسط اليد എന്നു പറയും. നേരത്തെ പരാമർശിച്ച യഹൂദർക്കു മറുപടിയായി അല്ലാഹു ഉദാരനാണ് എന്നർഥത്തിൽ بَلْ يَدَاهُ مَبْسُوطَتَانِ (അല്ല, അവന്റെ കരം രണ്ടും വിശാലമാണ്) എന്നും അതേ സൂക്തം പറയുന്നുണ്ട്. بسط ന്റെ വാക്കർഥം നീട്ടൽ, പരത്തൽ, വിടർത്തൽ എന്നൊക്കെയാണ്. കരം പൂർണമായി വിടർത്തൽ كُلَّ ٱلْبَسْطِ ധൂർത്തും ദുർവ്യയവുമാകുന്നു. സൂക്താന്ത്യത്തിലെ مَلُومًا -അധിക്ഷിപ്തൻ-എന്ന വാക്ക് مغلولة اليد നോടും مَّحْسُورًا എന്ന വാക്ക് كُلَّ ٱلْبَسْطِ നോടും ബന്ധപ്പെട്ടതാകുന്നു.

26,27 സൂക്തങ്ങളിൽ ധൂർത്ത് വിലക്കിയതിന്റെയും തൊട്ടുമുമ്പുള്ള സൂക്തത്തിൽ ആവശ്യക്കാരെ അവഗണിക്കുന്നതിനെക്കുറിച്ചു പറഞ്ഞതിന്റെയും അനുബന്ധമാണീ സൂക്തം. ഇസ്ലാമിക സാമ്പത്തിക വ്യവസ്ഥയുടെ അടിസ്ഥാന തത്ത്വങ്ങളിലൊന്നാണ് ചെലവുകളിൽ മിതത്വം പാലിക്കുക. ധൂർത്ത് പാടില്ല. സ്വയം പ്രയാസമനുഭവിക്കുമ്പോൾ മറ്റുള്ളവരുടെ ആവശ്യങ്ങൾ അവഗണിക്കാം എന്നു പറഞ്ഞതിനർഥം ആർക്കും ഒന്നും കൊടുക്കാതെ പിശുക്കനായി വർത്തിക്കേണം എന്നല്ല. ബന്ധുക്കൾക്കും അഗതികൾക്കും അവകാശം വകവെച്ചു കൊടുക്കണമെന്നു പറഞ്ഞതിനർഥം എല്ലാം വാരിക്കോരി കൊടുത്ത് ദീവാളി കുളിക്കണം എന്നുമല്ല. രണ്ടിനും മധ്യേ മിതമായ നിലപാടാണ് സത്യവിശ്വാസി സ്വീകരിക്കേണ്ടത്. ന്യായമായ സ്വന്തം ആവശ്യങ്ങൾ മാന്യമായി പൂർത്തീകരിച്ചുകൊണ്ട് തന്നെ മറ്റുള്ളവരുടെ ന്യായമായ അവകാശങ്ങൾ നിവർത്തിച്ചു കൊടുക്കണം. ചെലവഴിക്കുന്നതിലെ ഈ മിതത്വം യഥാർഥ ദൈവദാസന്മാരുടെ പ്രധാന ഗുണമായിട്ടാണ് ഖുർആൻ എണ്ണിയിട്ടുള്ളത്: وَٱلَّذِينَ إِذَآ أَنفَقُوا۟ لَمْ يُسْرِفُوا۟ وَلَمْ يَقْتُرُوا۟ وَكَانَ بَيْنَ ذَٰلِكَ قَوَامًا (കരുണാമയനായ അല്ലാഹുവിന്റെ യഥാർഥ ദാസന്മാർ ചെലവഴിക്കുമ്പോൾ ധൂർത്തടിക്കുകയോ പിശുക്കുകയോ ചെയ്യാതെ രണ്ടിനുമിടയിൽ സന്തുലിതത്വം കൈക്കൊള്ളുന്നവരാകുന്നു-25:67). ഭൗതിക ജീവിതത്തിന്റെ അധിഷ്ഠാനമാണ് സമ്പത്ത്. ജീവിതം സുഗമമാവാൻ എല്ലാവർക്കും അതിന്റെ പ്രയോജനം ലഭ്യമാകണം. ധൂർത്തും ലുബ്ധും ഈ ലക്ഷ്യത്തിനെതിരാകുന്നു. സ്വന്തം നിലയിൽ തന്നെ അതു രണ്ടും ദോഷങ്ങളാണ്. അതോടൊപ്പം മറ്റു പല ധാർമിക ദോഷങ്ങൾക്കും വഴിയൊരുക്കുകയും ചെയ്യും.

ധൂർത്തിനെയും മിതവ്യയത്തെയും സംബന്ധിച്ച് ധാരാളം ഹദീസുകളുണ്ട്. ചിലത് താഴെ: നബി(സ) പ്രസ്താവിച്ചതായി ഇമാം അഹ്മദ് ഉദ്ധരിക്കുന്നു: ما عال من اقْتَصَدَ (മിതത്വം പാലിച്ചവൻ ദരിദ്രനാകുന്നില്ല). الإقتصاد في النفقة نصف المعيشة (ചെലവിലുള്ള മിതത്വം ഉപജീവനത്തിന്റെ പകുതിയാണ്). ദൈലമിയുടെ നിവേദനം: التدبير نصف العيش (ആസൂത്രണം ജീവിതത്തിന്റെ പകുതിയാണ്). പ്രവാചകൻ പ്രസ്താവിച്ചതായി ബുഖാരിയും മുസ്ലിമും ഉദ്ധരിക്കുന്നു: "ആകാശത്തു നിന്ന് രണ്ടു മലക്ക് ഇറങ്ങാതെ ദൈവദാസന്മാർക്ക് ഒരു പ്രഭാതവുമില്ല. അവരിൽ ഒരാൾ പ്രാർഥിക്കും: അല്ലാഹുവേ, ചെലവഴിക്കുന്നവന് നീ പകരം കൊടുക്കേണമേ. അപരൻ പ്രാർഥിക്കും: പിടിച്ചു വെക്കുന്നവന്ന് നീ നഷ്ടം കൊടുക്കേണമേ!" മുസ്ലിം ഉദ്ധരിക്കുന്നു: ما نَقَصَ مال من صدقة وما زاد اللّه عبدا انفق الأ عزّا ومن تواضع لله رفعه الله (ദാനത്താൽ ധനം കുറയുന്നില്ല. ചെലവഴിച്ച ദാസന് അല്ലാഹു അന്തസ്സല്ലാതെ വർധിപ്പിക്കുന്നില്ല. അല്ലാഹുവിനു വേണ്ടി വിനീതനായവനെ അല്ലാഹു ഉയർത്തുന്നു). അബൂദാവൂദ്: "ലോഭത്തെ സൂക്ഷിക്കുവീൻ. നിങ്ങൾക്കു മുമ്പുള്ളവരെ നശിപ്പിച്ചതതാകുന്നു. അത് പിശുക്ക് കാട്ടാൻ കൽപിച്ചു. അവർ പിശുക്കരായി. കുടുംബ ബന്ധങ്ങൾ വിഛേദിക്കാൻ കൽപിച്ചു. അവർ ബന്ധങ്ങൾ വിഛേദിച്ചു. പാപകൃത്യങ്ങൾ കൽപിച്ചു. അവർ പാപികളായി." ബൈഹഖി: من فقه الرّجل ان يصلح معيشته (സ്വന്തം ഉപജീവനമാർഗം ഭദ്രമാക്കുക ഒരാളുടെ അവബോധത്തിന്റെ ഭാഗമാകുന്നു).

സമ്പാദിച്ചതൊന്നും ന്യായമായ ആവശ്യങ്ങൾക്കു ചെലവഴിക്കാതെ എല്ലാം കെട്ടിപ്പൂട്ടി വെക്കുന്നവൻ അന്യരുടെ അധിക്ഷേപത്തിനും നിന്ദക്കും പാത്രമാവുക എന്നതല്ലാതെ മറ്റൊന്നും അതുകൊണ്ട് നേടുന്നില്ല. ഇതാണ് فَتَقْعُدَ مَلُومًا എന്ന വാക്യത്തിലൂടെ സൂചിപ്പിക്കുന്നത്. لام (ആക്ഷേപിച്ചു)യിൽ നിന്നുള്ള കർമവാചിയാണ് مَلُومًا. ഖേദവും വിഷണ്ണതയും ക്ഷീണവുമൊക്കെയായ حسرة -ൽനിന്നുള്ള കർമവാചിയാണ് محسور. അളവും ആവശ്യകതയും പരിഗണിക്കാതെ കൈയിലു

ള്ളതൊക്കെയും ചെലവഴിച്ച് മുടിക്കുന്നവന്‍ ഒടുവില്‍ നിസ്വനും നിസ്സഹായനുമായി നെടുംഖേദത്തിലകപ്പെടുമെന്നാണ് വചന താല്‍പര്യം. ഈ സൂക്തത്തിലും നേരത്തെ 22-ാം സൂക്തത്തിലും فتقعد (നീ ഇരുന്നുപോകും) എന്നുപറഞ്ഞിട്ടുള്ളത് ഭാഷാര്‍ഥത്തിലുള്ള ഇരുത്തം ഉദ്ദേശിച്ചല്ല. തൊട്ടു മുമ്പ് പറഞ്ഞതിന്റെ പരിണതി അല്ലെങ്കില്‍ അനന്തരഫലമായി ബന്ധപ്പെട്ടവര്‍ക്ക് സംഭവിക്കാന്‍ പോകുന്ന അവസ്ഥയാണ് ഇത്തരം സന്ദര്‍ഭങ്ങളില്‍ قعود (ഇരുത്തം) കൊണ്ട് വിവക്ഷ.

**30.** സമ്പത്തുമായി ബന്ധപ്പെട്ട മറ്റൊരു തത്ത്വം സൂചിപ്പിച്ചിരിക്കുകയാണ് ഈ സൂക്തത്തില്‍. സ്വന്തമെന്നഹങ്കരിച്ച് മുതലുകള്‍ കെട്ടിപ്പൂട്ടി വെക്കുന്ന ലുബ്ധരും വാരിക്കോരി ധൂര്‍ത്തടിക്കുന്നവരും ഗൗരവപൂര്‍വം മനസ്സിലാക്കേണ്ടതാണീ തത്ത്വം. സമ്പത്തിന്റെ യഥാര്‍ഥ ഉടമ അല്ലാഹുവാകുന്നു. അവനാണതു വിതരണം ചെയ്യുന്നത്. താന്‍ ഉദ്ദേശിക്കുന്നവര്‍ക്ക് കൂടുതല്‍ നല്‍കുന്നു. ഉദ്ദേശിക്കുന്നവര്‍ക്ക് കുറഞ്ഞ തോതിലും നല്‍കുന്നു. ഒന്നും നിങ്ങളുടെ ആസൂത്രണത്തിന്റെ മാത്രം ഫലമല്ല; അല്ലാഹുവിന്റെ നിശ്ചയത്തിന്റെ കൂടി ഫലമാകുന്നു. അവന്റെ നിശ്ചയങ്ങളാകട്ടെ യുക്തിയുടെയും നീതിയുടെയും താല്‍പര്യമാകുന്നു. തന്റെ അടിമകളുടെ കാര്യങ്ങളെക്കുറിച്ചെല്ലാം അവന് ആഴത്തിലുള്ള അറിവുണ്ട്. അവരുടെ ഓരോ ചലനവും അവന്‍ സദാ നിരീക്ഷിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. വിപുലമായ വിഭവങ്ങളര്‍ഹിക്കുന്നതാരാണെന്നും അല്‍പമായത് അര്‍ഹിക്കുന്നതാരാണെന്നും നന്നായറിഞ്ഞുകൊണ്ട് തന്നെയാണ് അല്ലാഹുവിന്റെ വിതരണം. കൈവശമുള്ള മുതലുകൊണ്ട് ന്യായമായ സ്വന്തം ആവശ്യങ്ങള്‍ നീതിപൂര്‍വം സൂക്ഷ്മതയോടെ നിറവേറ്റുകയും ഒപ്പം മറ്റുള്ളവരുടെ ന്യായമായ അവകാശം വകവെച്ചു കൊടുക്കുകയുമാണ് ദൈവദാസന്‍ കൈക്കൊള്ളേണ്ട ശരിയായ നിലപാട്. ഈ നിലപാടില്‍ ചുവടുറപ്പിക്കാത്തവന്‍ നീതിയുടെ മാര്‍ഗത്തില്‍ നിന്നു വ്യതിചലിക്കാതെ തരമില്ല.

പണ്ടുകാലത്തും ഇക്കാലത്തും സമ്പന്ന ജനങ്ങളെ സ്വാധീനിക്കാറുള്ള ഒരു തെറ്റുദ്ധാരണയുടെ ഖണ്ഡനം കൂടിയാണീ സൂക്തം. പണക്കാര്‍ അല്ലാഹുവിന്റെ ഇഷ്ടക്കാരാണെന്നതിന്റെയും, അവരുടെ നടപടികളും നിലപാടുകളും, നീതിയും ധര്‍മവുമാണെന്നതിന്റെയും തെളിവാണ് വിഭവസമൃദ്ധിയും പണക്കൊഴുപ്പും എന്നതാണാ ധാരണ. അതിനെ നിഷേധിച്ചുകൊണ്ട് പറയുകയാണ്: ആളുകള്‍ക്ക് സമ്പത്ത് കൂടുന്നതും കുറയുന്നതും ദൈവനിശ്ചയ പ്രകാരമാണ്. സജ്ജനങ്ങള്‍ക്കുമാത്രം സമ്പത്ത് വര്‍ധിപ്പിച്ചു കൊടുക്കുക, ദുര്‍ജ്ജനങ്ങള്‍ക്ക് അത് കുറച്ചുകൊണ്ടിരിക്കുക എന്നൊരു നിയമമില്ല. ആര്‍ക്ക് അധികം കൊടുക്കണം, ആര്‍ക്ക് കുറച്ചുകൊടുക്കണം എന്ന് തീരുമാനിക്കാനുള്ള ജ്ഞാനവും അധികാരവും അല്ലാഹുവിനു മാത്രമേയുള്ളൂ. അവന്റെ ജ്ഞാനം തികഞ്ഞ സത്യവും അധികാരം നീതിയുമാകുന്നു. അതിനാല്‍ അവന്റെ വിതരണം ഒരിക്കലും അന്യായമോ അനീതിയോ ആകുന്നില്ല. ചിലപ്പോള്‍ നല്ല മനുഷ്യര്‍ പട്ടിണിയിലും ദാരിദ്ര്യത്തിലുമകപ്പെട്ട് ദുരിതമനുഭവിക്കുന്നതായും ദുഷ്ടന്മാര്‍ സമൃദ്ധിയുടെ മടിത്തട്ടിലാറാടുന്നതായും കാണപ്പെടുന്നുവെങ്കില്‍ അതിലും നിങ്ങള്‍ക്കറിഞ്ഞു കൂടാത്ത ഏതെങ്കിലും നൈതിക താല്‍പര്യം അടങ്ങിയിട്ടുണ്ടാകും. ഇമാം സുയൂത്വി ഉദ്ധരിച്ച ഒരു നിവേദനത്തില്‍ ഇങ്ങനെ കാണാം.

ان من عبادى المؤمنين لمن لايُصْلحُ إيمانه الا الْفَقْرُ ولو أَغْنَيْتُهُ لأَفْسَدْتُ عليه دِينَهُ وانّ من عبادي لمن لا يُصْلحه الا الغنى ولو افقرته لأَفْسَدْت عليْه دينه

(എന്റെ സത്യവിശ്വാസികളായ ചില അടിമകളുടെ വിശ്വാസം ദാരിദ്ര്യമല്ലാതെ നന്നാക്കുകയില്ല. അവനെ സമ്പന്നനാക്കിയാല്‍ അവന്റെ ദീനിനെ ഞാന്‍ നശിപ്പിച്ചു. എന്റെ ദാസന്മാരില്‍ ചിലരെ സമ്പന്നതയല്ലാതെ സംസ്കരിക്കുകയില്ല. ഞാനവനെ ദരിദ്രനാക്കിയാല്‍ അവന്റെ ദീനിനെ നശിപ്പിച്ചു). ജനങ്ങളെ പരസ്പരം സഹായിക്കുകയും ആശ്രയിക്കുകയും ചെയ്യുന്ന സാഹചര്യം സൃഷ്ടിക്കുന്നതില്‍ സാമ്പത്തികമായ ഏറ്റക്കുറവിനു വലിയ പങ്കുണ്ട്. ഖുര്‍ആന്‍ 42:27ല്‍ ഇക്കാര്യം സൂചിപ്പിക്കുന്നു:

۞وَلَوْ بَسَطَ ٱللَّهُ ٱلرِّزْقَ لِعِبَادِهِۦ لَبَغَوْا۟ فِى ٱلْأَرْضِ وَلَـٰكِن يُنَزِّلُ بِقَدَرٍ مَّا يَشَآءُ ۚ إِنَّهُۥ بِعِبَادِهِۦ خَبِيرٌۢ بَصِيرٌ

(അല്ലാഹു അവന്റെ സകല അടിമകള്‍ക്കും വിഭവങ്ങള്‍ വിപുലീകരിച്ചു കൊടുത്തിരുന്നുവെങ്കില്‍ അവര്‍ ഭൂമിയില്‍ അതിക്രമങ്ങളനുവര്‍ത്തിക്കുമായിരുന്നു. എന്നാല്‍ അല്ലാഹു അവന്‍ നിശ്ചയിക്കുന്ന തോതനുസരിച്ച് അത് ഇറക്കിക്കൊടുക്കുകയാകുന്നു. തീര്‍ച്ചയായും തന്റെ ദാസന്മാരെ ഏറെ അറിയുന്നും കാണുന്നുമുണ്ടവന്‍-42:27). ■